# അനർത്ഥത്തെക്കുറിച്ച് അനുതപിക്കുന്നവൻ

**യോനാ 4:2**

**"നീ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ചു അനുതപിക്കുന്നവൻ എന്നു ഞാൻ അറിഞ്ഞു."**

നിനവേക്കാരുടെ മാനസാന്തരത്തിനായി ദൈവം അയച്ച യോനാ സ്വചിന്തയാൽ തർശ്ശീശിലേക്ക് കടന്നു പോവുകയും അതിൻഫലമായി ദൈവം അവനെ ആഴിയുടെ അഗാധങ്ങളിലേക്ക് എറിയപ്പെടുവാൻ ഏൽപ്പിക്കുകയും, അവൻ മത്സ്യത്തിന്റെ വായിൽ അകപ്പെടുകയും എന്നാൽ മൂന്നാം ദിവസം അവനെ കരയിൽ ശർദ്ദിക്കുവാൻ മത്സ്യത്തോട് കൽപ്പിക്കുകയും ചെയ്തവനായ ദൈവം യോനായെ രണ്ടാമതും നിനവെയ്ക്ക് അയയ്ക്കുന്നു. അനേക ചിന്തകളിലൂടെ നമ്മെ കടത്തിക്കൊണ്ടു പോകുന്ന ഒരു പുസ്തകമാണ് യോനായുടേത്. ഇവിടെ യോനായ്ക്ക് രണ്ടാമത് ഒരവസരം കൊടുക്കുന്ന ദൈവത്തെ നമുക്ക് കാണാം. തന്റെ കൽപനയിൽ നിന്ന് വിട്ടുമാറിയിട്ടും അവനെ നാശത്തിലേക്ക് തള്ളിയിടാതെ തന്റെ കരങ്ങളിൽ കരുതി, പരിപാലിച്ചവനായ ദൈവം ആ അനുഭവങ്ങളെ നിനവേക്കാരുടെ ഇടയിൽ ഘോഷിപ്പാൻ തക്കവണ്ണം വീണ്ടും യോനായെ അവിടെ ആക്കിവെയ്ക്കുന്നു. യോനായുടെ പുസ്തകം രണ്ടാം അദ്ധ്യായം മുഴുവൻ യോനായുടെ പ്രാർത്ഥനയാണ്, അത് അവനുണ്ടായ മാനസാന്തരത്തിൽ നിന്നാണെന്ന് ആ അദ്ധ്യായം വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

ധൂർത്തപുത്രന്റെ ഉപമയിൽ നാം കാണുന്നതും ഇതു തന്നെയണ്. പിതാവിന്റെ കൂടെ അവനുള്ളതിൽ അവന് കൈത്താങ്ങായി നിൽക്കേണ്ടിയിരുന്ന തന്റെ മകൻ, പിതാവിന്റെ സ്വത്തുക്കൾ മാത്രം മോഹിച്ച്, അതിൽ നിന്നും തന്റെ ഭാഗം ചോദിച്ച് വാങ്ങി, ലോകമോഹങ്ങളിലേക്ക് ഇറങ്ങിപ്പോകുന്നു. എന്നാൽ ജീവിതത്തിൽ തന്നെ ലോകത്തോട് ചേർത്തുനിർത്തിയതെല്ലാം വെറും മായ മാത്രമായിരുന്നു എന്ന് മനസ്സിലാക്കിയപ്പോൾ തന്റെ പിതാവിന്റെ സ്നേഹത്തെക്കുറിച്ചോർത്ത് അവൻ ദു:ഖിക്കുന്നതായി നാം കാണുന്നു. എന്നാൽ അതിന്റെ അവസാനം മാനസാന്തരപ്പെട്ട് തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങി ചെല്ലുന്ന പുത്രനേയും അവനെ മാറോട് ചേർക്കുന്ന പിതാവിനെയും നമുക്ക് കാണുവാൻ കഴിയും. ചിന്തിച്ചാൽ ആ പിതാവ് അവനെ തന്റെ ഭവനത്തിന്റെ അതിർ പോലും കാണിക്കാതെ, ആട്ടിയോടിക്കേണ്ട അനുഭവമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ആ അനുഭവങ്ങളെയെല്ലാം വാത്സല്യവാനായ പിതാവ് മറന്നു കളയുന്നതായി നാം കാണുന്നു.

പ്രിയ ദൈവപൈതലേ, നിനവെയുടെ കാര്യത്തിലും നാം കാണുന്നത് ഇതു തന്നെയാണ്. മൂന്നാം അദ്ധ്യായം നാലാം വാക്യത്തിൽ 'ഇനി നാൽപതു ദിവസം കഴിഞ്ഞാൽ നിനെവെ

ഉന്മൂലമാകും എന്ന് ഘോഷിച്ചു പറഞ്ഞ' യോനായുടെ വാക്കു കേട്ട് ദൈവത്തിൽ വിശ്വസിച്ച നിനെവെക്കാർ ഒരു ഉപവാസം പരസ്യം ചെയ്യുകയും എല്ലാവരും ഒരു പോലെ അത് അനുഷ്ടിക്കുകയും, താന്താന്റെ ദുർമാർഗ്ഗങ്ങളും, സാഹസങ്ങളും വിട്ട് മനം തിരിയുകയും ചെയ്തു. അതിന്റെ പരിണിതഫലമാണ് നാം മേൽ വായിച്ചു കണ്ട നാലാം അദ്ധ്യായത്തിലെ വചന ഭാഗം. തങ്ങൾക്കു വരുത്തുമെന്നു നിനെവെക്കാരോട് അരുളിച്ചെയ്തിരുന്ന അനർത്ഥങ്ങളെക്കുറിച്ച് അനുതപിക്കുന്നവനായ, നല്ലവനായ, വാത്സല്യവാനായ ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. പ്രിയമുള്ളവരേ ഈ നല്ല പിതാവിന്റെ സന്നിധിയിൽ ഇന്ന് നീ മനം തിരിഞ്ഞ് മടങ്ങി ചെല്ലുമെങ്കിൽ നമ്മുടെ ജീവിതത്തിലെ എല്ലാ നശ്വരതകളെയും മാറ്റി അനശ്വരമായ ഒരു ശുഭഭാവിയിലേക്ക് നമ്മെ നയിക്കുവാൻ അവൻ മതിയായ നല്ല ദൈവമാണെന്ന് ഒന്ന് തിരിച്ചറിയുക. അതിനായി നമ്മെ ഓരോരുത്തരേയും ദൈവകരങ്ങളിലേക്ക് ഏൽപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

യാക്കോബ് 4:8

ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 182